# കാക്കൂർ ഗ്രാമപഞ്ചായത്ത്

## നവകേരളത്തിന്
## ജനകീയാസൂത്രണം


## 14 – ാം പഞ്ചവത്സരപദ്ധതി
## 2022 – 27

# അന്തിമ പദ്ധതിരേഖ

ഭരണസമിതി അംഗീകാരം നൽകിയത്
തീരുമാനം നമ്പർ 7(1)25 തിയ്യതി 24-02-2025

# വാർഷിക പദ്ധതി 2025–26

# കാക്കൂർ ഗ്രാമപഞ്ചായത്ത്



# ആമുഖം

**പ**തിനാലാം പഞ്ചവൽസര പദ്ധതി കാലയളവിലെ നാലാം വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ജനകീയ ആസൂത്രണ പ്രസ്ഥാനം ആരംഭിച്ചിട്ട് കാൽനൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. വികേന്ദ്രീകരണാസൂത്രണം കൊണ്ട് നേടിയ അനുഭവസമ്പത്ത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും പ്രാപ്തിയുള്ളവരാക്കി മാറ്റി കഴിഞ്ഞു.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന പുതിയ സാങ്കേതിക- വൈജ്ഞാനീയ-ലോകക്രമത്തിൽ നൂതന പദ്ധതികൾ കണ്ടെത്താനും-വെല്ലുവിളികളെയും പ്രതിസന്ധികളെയും കാര്യക്ഷമമായി നേരിടാനും നമുക്ക് കഴിയണം. ഇതിനായി സാങ്കേതിക വിദഗ്ധരുടെയും വിജ്ഞാന കുതകികളുടെയും സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടെയും ബന്ധപ്പെട്ട മേഖലകളിൽ നിന്നും പെൻഷനായ വിദഗ്ധരിടെയും പങ്കാളിത്തവും സേവനവും പദ്ധതിക രൂപീകരണത്തിലും നിർവഹണത്തിലും വിലയിരുത്തലിലും നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. പ്രാദേശികമായ സാഹചര്യങ്ങൾക്ക് അനുസരിച്ച് നവീന ആശയങ്ങൾ, വികസന പദ്ധതികളായി മാറ്റി. ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ കഴിയുന്ന നവീന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ കഴിയണം.

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനം. നമ്മുടെ മികവുറ്റ മാനവവികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി സുസ്ഥിരവികസനം സാധ്യമാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും തൽഫലമായുണ്ടാവുന്ന പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നിവയും പതിനാലാം പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളാണ്.

സമഗ്രമായ വികസന ഇടപെടലുകളിലൂടെ ഗ്രാമീണ ജനങ്ങളുടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും തദ്വാര സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നത് പതിനാലാം പദ്ധതിയുടെ അന്തിമ ലക്ഷ്യമാണ്.

ആസൂത്രണ പദ്ധതി ആരംഭിച്ചിട്ട് കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ കാക്കൂർ പഞ്ചായത്തിനെ സംബന്ധിച്ച് വലിയ തോതിലുള്ള വികസന മുന്നേറ്റങ്ങളാണ് നമുക്ക് നടത്താൻ കഴിഞ്ഞിട്ടുള്ളത്. അടിസ്ഥാന മേഖലയിലും കാർഷിക മൃഗസംരക്ഷണ സാമൂഹ്യക്ഷേമ മേഖലകളിലും മികവുറ്റ പ്രവർത്തനങ്ങൾ നാം നടപ്പിലാക്കിക്കഴിഞ്ഞു. പ്രാദേശിക സാമ്പത്തിക വികസവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും മുഖ്യലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങൾ ചെറുകിട സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റമാണ് നമുക്ക് നടത്താൻ കഴിഞ്ഞിട്ടുള്ളത്. ദാരിദ്ര്യ ലഘൂകരണത്തിന്റെ അടുത്ത ഘട്ടമാണ്. അതിദാരിദ്ര്യനിർമ്മാർജ്ജനം പഞ്ചായത്തിലെ അതിദരിദ്രരെ കണ്ടെത്തി. ഓരോ കുടുംബത്തിന്റെയും സവിശേഷപ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ സൂക്ഷ്മ വകസന പദ്ധതികൾ നടപ്പിലാക്കിവരികയാണ്. സ്വന്തമായി ഭൂമി ഉള്ളവനും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം ഇന്ന് ഒരു സ്വപ്നമല്ല, യാഥാർത്ഥ്യമാവുകയാണ്. ആരോഗ്യമേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ പിഎച്ച്സി ഇന്ന് വൈകുന്നേരം 5 മണിവരെ പരിശോധന നടത്തുന്ന എഫ്എച്ച്സി ആയി മാറിക്കഴിഞ്ഞു.

കായിക പ്രേമികളുടെ വലിയ സ്വപ്നമായിരുന്നു ആധുനിക സംവിധാനങ്ങളും സൗകര്യവുമുള്ള വലിയ സ്റ്റേഡിയം. ആ സ്വപ്നം യാഥാർത്ഥ്യമാവുകയാണ്. സ്റ്റേഡിയത്തിന് ആവശ്യമായ ആറ് ഏക്കർ ഭൂമി നാം വാങ്ങി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഭാവി യുവതലമുറയ്ക്ക് ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കുമെന്നത് ഏറെ ചാരിതാർത്ഥ്യജനകമാണ്.

ജനകീയ ആസൂത്രണ പദ്ധതിയിലൂടെ നാം നേടിയെടുത്ത ചില ചുരുക്കം വികസന പദ്ധതികളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. മറ്റ് എല്ലാ മേഖലകളിലും നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ വിവിധ മേഖലകളിൽ വിവിധ വികസന പ്രവർത്തനങ്ങൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട് എന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നാം ഇതുവരെ ആർജ്ജിച്ച നേട്ടങ്ങൾ തുടരുകയും എല്ലാ മേഖലകളിലും പ്രഥമസ്ഥാനം കൈവരിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾ ആവിഷ്ക്കരിക്കയും വേണം.

2025-26 വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഈ അവസരത്തിൽ പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന വികസനമാണ് നാം ലക്ഷ്യമാക്കുന്നത്. നൂതന ആശയങ്ങളും പുതിയ വികസന മേഖലകളും കണ്ടെത്തുന്നതിനും അവയൊക്കെ പുതിയ പദ്ധതികളാക്കി മാറ്റുന്നതിനും ആവശ്യമായ പ്രായോഗിക പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് എല്ലാവിഭാഗം ആളുകളുടെയും ആത്മാർത്ഥമായ സഹകരണവും പിന്തുണയും ഉണ്ടാവണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ചർച്ചചെയ്ത് 25-26 വാർഷിക പദ്ധതിരൂപീകരണം സമഗ്രമാക്കുന്നതിനുള്ള കരട് പദ്ധതി നിർദ്ദേശങ്ങൾ വികസന സെമിനാറിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി ഇവിടെ സമർപ്പിക്കുകയാണ്.

**സി.എം ഷാജി**
പ്രസിഡണ്ട്
കാക്കൂർ ഗ്രാമപഞ്ചായത്ത്

## കാക്കൂർ ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| ജില്ല | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| ബ്ലോക്ക് | : | ചേളന്നൂർ |
| വില്ലേജ് | : | കാക്കൂർ |
| വിസ്തീർണ്ണം | : | 20.38 ച.കി.മീറ്റർ |

### അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | നന്മണ്ട ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | നരിക്കുനി, ഉണ്ണികുളം, ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | ചേളന്നൂർ,മടവൂർ ഗ്രാമ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | തലകുളത്തൂർ ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ (ICDS സർവ്വെ 2021) | : | 25659 |
| പുരുഷൻമാർ | : | 12570 |
| സ്ത്രീകൾ | : | 13089 |
| പട്ടികജാതി | : | 3282 |
| പുരുഷൻമാർ | : | 1602 |
| സ്ത്രീകൾ | : | 1680 |
| പട്ടികവർഗ്ഗം | : | 260 |
| പുരുഷൻമാർ | : | 123 |
| സ്ത്രീകൾ | : | 137 |
| വാർഡുകൾ | : | 15 |

### ഭരണ സാരഥികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. സി.എം. ഷാജി | 9562220682 |
| വൈസ് പ്രസിഡണ്ട് & ചെയർമാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി. നിഷ മണങ്ങാട്ട് | 9446866716 |
| ചെയർ പേഴ്സൺ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീ.അബ്ദുൾഗഫൂർ.പി.പി. | 9846030382 |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി. ജൂന.ഇ.എം. | 9061138455 |
| ചെയർ പേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീ.ഷൈലേഷ്.വി. | 9947276390 |
| സെക്രട്ടറി | ശ്രീ. ഹരിഹരൻ | 9496048199 |

| | |
|---|---|
| **കോഴിക്കോട് ലോകസഭാംഗം**<br>ശ്രീ. എം.കെ. രാഘവൻ | **നിയമസഭാംഗം**<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(വനംവന്യജീവി വകുപ്പ് മന്ത്രി) |
| **ജില്ലാപഞ്ചായത്ത് മെമ്പർമാർ**<br>ശ്രീമതി. റസിയ തോട്ടായി<br>ശ്രീ. ഐ.പി. രാജേഷ് | **ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ**<br>ശ്രീ. സർജാസ് കുനിയിൽ<br>ശ്രീ. കെ.മോഹനൻ<br>ശ്രീമതി. ജോത്സന.എസ്.വി.<br>ശ്രീമതി. ആയിഷാബി. |

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പറുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1. | നടുവല്ലൂർ | ജുന.ഇ.എം. | 9061138455 |
| 2. | തീർത്ഥങ്കര | നസീർ വടേക്കര | 9946308014 |
| 3. | രാമല്ലൂർ | ഷാജി മംഗലശ്ശേരി | 9847785623 |
| 4. | ആറോളിപ്പൊയിൽ | സീന നമ്പിടികണ്ടി | 9539567341 |
| 5. | കായലാട് | പ്രബിത. കെ.കെ. | 9645027959 |
| 6. | കുട്ടമ്പൂർ | ഷംന കേയക്കണ്ടി | 9947981584 |
| 7. | കക്കുന്നുംചാലിൽ | ഷൈലേഷ്.വി. | 9947276390 |
| 8. | പുന്നശ്ശേരി | നിഷ മണങ്ങാട്ട് | 7025548132 |
| 9. | കണ്ടോത്തുപാറ | അബ്ദുൾഗഫൂർ.പി.പി. | 9846030382 |
| 10. | പുന്നൂർചെറുപാലം | കൃഷ്ണൻ.സി.സി. | 9847469556 |
| 11. | ആലയാട് | ഷീബ.കെ.സി | 7356674354 |
| 12. | കാക്കൂർ | സിദ്ദിഖ് വാലത്തിൽ | 9496134230 |
| 13. | നെല്ലിക്കുന്നുമ്മൽ | സി.എം.ഷാജി | 9562220682 |
| 14. | ഈന്താട് | സോയ.എം.കെ. | 8891802965 |
| 15. | പാവണ്ടൂർ | സിജി.എൻ.പരപ്പിൽ | 8111821955 |

**കുടുംബശ്രീ**
**സി.ഡി.എസ്. ഭരണ സമിതി അംഗങ്ങൾ**

| | | | | | |
|---|---|---|---|---|---|
| 1. | ബീന.എം.എം. | (ചെയർപേഴ്സൺ) | 9. | ഷീജാഭായ്.കെ. | (മെമ്പർ) |
| 2. | ഷീബ.പി.എം. | (മെമ്പർ) | 10. | ഷറീന.കെ.കെ. | (മെമ്പർ) |
| 3. | രമ്യ.പി.ടി. | (മെമ്പർ) | 11. | സുധ.എൻ.വി. | (മെമ്പർ) |
| 4. | പ്രസന്ന.ടി.എം. | (മെമ്പർ) | 12. | ശോഭന | (മെമ്പർ) |
| 5. | ഷീബ.എ.പി. | (മെമ്പർ) | 13 | ജയശ്രീ.പി.എം. | (മെമ്പർ) |
| 6. | ഷീന.കെ.പി. | (മെമ്പർ) | 14. | സിഷ.പി. | (മെമ്പർ) |
| 7. | ഷൈജി.കെ. | (മെമ്പർ) | 15. | ഗീതാ പാവണ്ടൂർ | (മെമ്പർ) |
| 8. | സുഗത.പി.എം. | (മെമ്പർ) | | | |

# വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

## 2025 – 26 വാർഷിക പദ്ധതി ലഭ്യമായ തുക

| | |
|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 24314000 |
| പട്ടികജാതി ഉപപദ്ധതി | 8463000 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 584000 |
| ആകെ | 33361000 |
| 15 –ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്–ടൈഡ് | 5185000 |
| 15 –ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്–ബേസിക് | 3457000 |
| ആകെ | 42003000 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 17631000 |
| മെയിന്റനൻസ് ഗ്രാന്റ (നോൺ റോഡ്) | 3479000 |
| **ആകെ മെയിന്റനൻസ് ഗ്രാന്റ്** | **21110000** |

# 14–ാം പഞ്ചവത്സര പദ്ധതി – വിഭവ വകയിരുത്തൽ

## വാർഷിക പദ്ധതി 2025 – 26

| | വികസനഫണ്ട് | വകയിരുത്തുന്ന തുക |
|---|---|---|
| 1. | ഉല്പാദന മേഖല | 5835360 |
| 2 | പശ്ചാത്തല മേഖല | 5835360 |
| 3. | പട്ടികജാതി ഉപപദ്ധതി | 8463000 |
| 4. | പട്ടികവർഗ്ഗ ഉപപദ്ധതി | 5484000 |
| 5. | വനിതാ ഘടക പദ്ധതി | 2849820 |
| 6. | കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുള്ള പദ്ധതി | 1424910 |
| 7. | വയോജനങ്ങൾക്കുള്ള പദ്ധതി | 1424910 |

# 2025-26 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞതുകയും പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുകയും

| ക്രമ നമ്പർ | പ്രത്യേക പദ്ധതി/മേഖല | 2024-25 ലെ പരിഹാര വക യിരുത്തൽ നടത്തിയതിനു ശേഷമുള്ള തുകയിൽ നിന്നും വകയിരുത്തേണ്ടകുറഞ്ഞ |
|---|---|---|
| 1. | പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും മേഖലാവിഭജനത്തിന് ലഭ്യമാവുന്ന തുക | 19451200 |
| എ) | **വിവിധ മേഖലകൾക്ക് വകയിരുത്തേണ്ട കുറഞ്ഞതുക** | |
| 2. | ഉൽപ്പാദന മേഖല (ജനറൽ സാധാരണ വിഹിതം) | 5835360 |
| ബി) | **പ്രത്യേക പദ്ധതിയിൽ വകയിരുത്തേണ്ട കുറഞ്ഞതുക** | |
| | പാർപ്പിട മേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | 6672200 |
| | പാർപ്പിട മേഖലയ്ക്ക് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞതുക | 4862800 |
| | വനിതാഘടകപദ്ധതി | 2849820 |
| | കുട്ടികൾ ഭിന്നശേഷിയുള്ളവർ ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | 1424910 |
| | വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1424910 |
| | പശ്ചാത്തലം | 5835360 |
| | പട്ടികജാതി ഉപപദ്ധതി (പശ്ചാത്തലം) | 2538900 |
| | പട്ടികവർഗ്ഗ ഉപപദ്ധതി (പശ്ചാത്തലം) | 175200 |

# വാർഷിക പദ്ധതി

## അധ്യായം – 1

## വികസന സ്ഥിതി – അവസ്ഥാവിശകലനം

കാക്കൂർ ഗ്രാമപഞ്ചായത്ത് കോഴിക്കോട് നഗരത്തിൽ നിന്നും 17 കി.മീ അകലെ സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു ഗ്രാമമാണ് പതിനഞ്ച് വാർഡുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ വൻകിട വ്യവസായശാലകളോ ഷോപ്പിങ്ങ് മാളുകളോ ബസ്സ്റ്റാന്റുകളോ ഇല്ല. കൃഷിയും - പശുവളർത്തലുമാണ് ജനങ്ങളുടെ മുഖ്യതൊഴിൽ. കൂലിപണിക്കാരും - സർക്കാർ ജീവനക്കാരും, കർഷകത്തൊഴിലാളികളും, പ്രവാസികളും - ഇടകലർന്ന് ജീവിക്കുന്ന സമൂഹത്തിൽ വലിയ പണക്കാരും- തീരെ ദരിദ്രരും വിരളമായിട്ടേ ഉള്ളു.

തനത് ഫണ്ട് കുറവായ പഞ്ചായത്ത് ആണ് കാക്കൂർ - വസ്തു നികുതിയും തൊഴിൽ നികുതിയും - ലൈസൻസ് ഫീസുമാണ് മുഖ്യ വരുമാന മാർഗ്ഗങ്ങൾ . സർക്കാർ സ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്ത്കൂടിയാണ് കാക്കൂർ, കെട്ടിടനികുതി ക്രമവൽക്കരിച്ചും, എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കിയും വിഭവ സമാഹരണം - വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. പട്ടിക വർഗ്ഗവിഭാഗത്തിന്റെ മൂന്ന് കോളനികൾ പഞ്ചായത്തിൽ ഉണ്ട് 36 പട്ടികജാതി കോളനികൾ (സങ്കേതങ്ങൾ ഉൾപ്പെടെ) പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്നു, എയ്ഡഡ് മേഖലയിൽ 6 എൽ.പി സ്ക്കുളുകളും 4 യു.പി സ്ക്കുളുകളും 2 ഹൈസ്ക്കൂളും 2 ഹയർസെക്കന്ററി സ്ക്കൂളുകളും 2 അൺഎയ്ഡഡ് സ്ക്കൂളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് , 23 അങ്കണവാടികളും പ്രവർത്തിക്കുന്നു, ആരോഗ്യമേഖലയിൽ നിലവിലുള്ള P H C എഫ്.എച്ച്.സിയായി ഉയർത്തി വൈകു: 5 മണിവരെ ചികിൽസാ സൗകര്യം ലഭ്യമാക്കിയിടുണ്ട്, 31 കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിലും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് ജൽ ജീവൻ മിഷന്റെ കുടിവെള്ള ശൃംഖലയും ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നുണ്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, സുരക്ഷിതമായി കൊണ്ടുപോകുന്നതിനും ഹരിത കർമ്മ സേനക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടുണ്ട്. 265 കുടുംബശ്രീ യൂണിറ്റുകൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട് C D S ഓഫീസിനും - കൃഷിഭവനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അവസ്ഥ നിലവിൽഉണ്ട്. പുതിയ സംരംഭ നയത്തിന്റെ ഭാഗമായി 85 സംരംഭങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിടുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ച പൊതുവായ കാര്യങ്ങൾ വളരെ സംക്ഷിപ്തമായിട്ട് മാത്രമാണ് ഇവിടെ ഇവിടെ സൂചിപ്പിക്കുന്നത്.

# ഭൂപ്രകൃതി

മലകളും കുന്നുകളും താഴ്വരകളും കൊണ്ട് സമൃദ്ധമായ ഒരു പ്രദേശമാണ് കാക്കൂർ പഞ്ചായത്ത്. മല-താഴ്വാര വയൽ വീണ്ടും മല-താഴ്വാര-വയൽ എന്നീ ക്രമത്തിലാണ് ഭൂപ്രകൃതി.
അതിരുകൾ: വടക്ക്- നന്മണ്ട പഞ്ചായത്ത്, കിഴക്ക്-നരിക്കുനി, ഉണ്ണികുളം പഞ്ചായത്ത്, തെക്ക്- ചേളന്നൂർ പഞ്ചായത്ത്, പടിഞ്ഞാറ്-തലക്കുളത്തൂർ പഞ്ചായത്ത്
പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറു ഭാഗത്ത് തലയുയർത്തി നിൽക്കുന്നതാണ് പൊക്കുന്ന് മല, പുൽക്കുന്നമല എന്നും പൊൻകുന്നുമല എന്നും ഇതറിയപ്പെടുന്നു. ഇരുമ്പയിർ ഖനനം നടന്ന പ്രസ്തുത സ്ഥലം ഇന്ന് ടൂറിസ്റ്റ് കേന്ദ്രമായി വികസിച്ചുവരികയാണ്.

**മണ്ണിനം:**

മൊത്തം വിസ്തൃതിയുടെ ഏതാണ്ട് പകുതിയോളം ഭാഗം ഉയർന്ന പ്രദേശങ്ങളാണ്. വെട്ടുകല് മണ്ണാണ് ഇവിടെ മുഖ്യമായും കാണുന്നത്. ഫലഭൂയിഷ്ഠി വളരെ കുറഞ്ഞ മണ്ണാണ് ഇത്. വേനൽകാലത്ത് ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം ഉണ്ടാകാറുണ്ട്. അതെ സമയം കനത്ത വേനലിലും വറ്റാത്ത സ്വാഭാവിക നീരുറവകളും ചില മലമ്പ്രദേശങ്ങളിൽ ഉണ്ട്. പാടശേഖരങ്ങളിൽ പലതും ഇന്ന് നികത്തി എടുത്ത് നാണ്യവിളകളുടെ കൃഷിക്കും, കെട്ടിടനിർമ്മാണത്തിനുമായി ഉപയോഗിച്ചതായി കാണുന്നു. ഉജ്ജ്വലമായ ഒരു ചരിത്ര പൈതൃകം ഉള്ളവരാണ് ഇവിടുത്തെ ജനത. ഏത് കാറ്റിലും കോളിലും മത സൗഹാർദ്ദം കാത്തുസൂക്ഷിച്ചവരാണ് ഇവർ. മത ജാതി വിഭാഗീയത ചിന്തകൾക്ക് ഇടം നൽകാത്ത മനസ്സാണ് ഇവിടെ ഉള്ളവർക്ക്. എന്നാൽ അനീതിക്ക് എതിരെ ശബ്ദം ഉയർത്താനും ഈ ജനത ഒരിക്കലും മടിച്ചിരുന്നില്ല. സമുദായ സൗഹാർദ്ദവും പരസ്പര സ്നേഹവും എന്നും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുന്ന കാക്കൂരിലെ ജനത സ്വന്തം ചരിത്രപൈതൃകം ഭാവിയിൽ കാത്തുസൂക്ഷിക്കും എന്ന കാര്യം ഉറപ്പാണ്.

ജനസംഖ്യ

ജനസംഖ്യ സ്ഥിതി വിവര കണക്കുകൾ

| വിഭാഗം | പുരുഷൻ | സ്ത്രീ | ട്രാൻസ്ജെന്റർ | ആകെ |
|---|---|---|---|---|
| ജനസംഖ്യ | 12570 | 13089 | | 25659 |
| കുട്ടികൾ | | | | 1550 |
| എസ്.സി | 1680 | 1602 | | 3282 |
| എസ്.ടി | 137 | 123 | | 260 |

(ICDS Survey 2011)

## വികസന പ്രശ്നങ്ങൾ

തനത് ഫണ്ട് കുറഞ്ഞ പഞ്ചായത്താണ് കാക്കൂർ. വസ്തു നികുതിയും, തൊഴിൽ നികുതിയും, കച്ചവടക്കാരുടെ ലൈസൻസ്ഫീസും മാത്രമാണ് പഞ്ചായത്ത് പ്രധാന വരുമാനമാർഗ്ഗങ്ങൾ. വാണിജ്യവ്യവസായ സംരംഭങ്ങൾ ബസ്സ്റ്റാന്റ് എന്നിവ പഞ്ചായത്തിൽ ഇല്ല വിഭവ സമാഹരണം ഒരു വെല്ലുവിളിയായി ഏറ്റെടുക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന് സാമാന്യം നല്ല കെട്ടിടം ഉണ്ടായതു തന്നെ ഈ അടുത്ത കാലത്താണ്. ഈ കെട്ടിടത്തിലും സൗകര്യങ്ങൾ കുറവാണ്. കാർഷിക മേഖലയിൽ നെൽവയൽ സംരക്ഷണം പ്രധാന പ്രശ്നമാണ്. നിലവിലുള്ള കൃഷി ഭൂമികളും, തരിശു ഭൂമികളും കൃഷിക്ക് ഉപയുക്ത മാക്കമണം. നെൽകൃഷി പ്രോൽസാഹിപ്പിക്കാൻ വേണ്ട സമാശ്വാസ പദ്ധതികൾ വേണം. മൂന്നു പൂൽ കൃഷി ചെയ്തിരുന്ന കർഷകർ ഒരു പൂൽ കൃഷിപോലും ചെയ്യാൻ വിമുഖത കാണിക്കുകയാണ്. കാലം തെറ്റിയുള്ള കാലാവസ്ഥയും കൂലി ച്ചെലവും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച വിത്തിനങ്ങൾ വികസിപ്പിക്കേണ്ടിയിരിക്കുന്നു. മൃഗ സംരക്ഷണ മേഖലയിൽ പാലിന്റെ വിലക്കുറവും, കാലിത്തീറ്റ യുടെ വിലകൂടുതലും പ്രശ്നങ്ങളാണ്. ഈ മേഖലയിൽ ധാരാളം ക്ഷീരകർഷകർ ഉണ്ട്. അവരെ ഈ മേഖലയിൽ നിലനിർത്താനും വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ ആവശ്യമാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാന മാർഗ്ഗം നാളീകേരമാണ്. നാളികേരത്തിന്റെ വിലക്കുറവും, സംഭരണത്തിലെ അപാകതകളും കർഷകരെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. നെൽകൃഷി വിരളമായി ഇന്ന് കൃഷിചെയ്യുന്നുണ്ട്. എടുത്ത് പറയത്തക്ക സംരംഭങ്ങൾ ഒന്നും കാക്കൂരിൽ ഇല്ല. കർഷകരും, കർഷകത്തൊഴിലാളികളും ധാരാളം ഉണ്ടായിരുന്ന കാക്കൂരിൽ അവരുടെ സംഖ്യ നാമമാത്രമാവുകയാണ്. പിൻതലമുറയിലെ കുട്ടികൾ മറ്റു തൊഴിൽ മേഖലയിൽ തൊഴിൽ അന്വേഷിക്കുകയാണ്. കെട്ടിടനിർമ്മാണ മേഖലയാണ് മുഖ്യ തൊഴിൽദായകർ. വീട്ടിലെ ഭൂരിഭാഗം സ്ത്രീകളും സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിക്ക് പോകുന്നവരാണ്.

## അദ്ധ്യായം - 2

### 2024 – 25 വാർഷിക പദ്ധതി അവലോകനം

2024 - 25 വാർഷിക പദ്ധതിയിൽ മൊത്തം 146 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. പ്രോജക്ടുകളണ്ടുടെ ഭേദഗതി സമർപ്പണത്തിനുശേഷം 166 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 80 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്.

1. **കാർഷിക മേഖല**

   മൊത്തം പ്രോജക്ടുകൾ 13 എണ്ണം, പൂർത്തീകരിച്ചത് 4 എണ്ണം, നടപ്പിലാക്കിവരുന്ന പദ്ധതികൾ 9 എണ്ണം

2. **മൃഗസംരക്ഷണം**

   ആകെ 3 പ്രോജക്ടുകൾ, 2 പദ്ധതി പൂർത്തീകരിച്ചു. ഒന്ന് നടപ്പിലാക്കി വരുന്നു

3. **ക്ഷീരവികസന മേഖല**

   ആകെ 2 പദ്ധതികൾ, രണ്ട് പദ്ധതികളും നടപ്പിലാക്കി വരുന്നു.

4. **ആരോഗ്യം (അലോപ്പതി)**

   ആകെ 12 പ്രോജക്ടുകൾ, 12 എണ്ണം നടപ്പിലാക്കി വരുന്നു.

5. **ആരോഗ്യം (ആയുർവ്വേദം) ഹോമിയോപ്പതി**

   ആകെ 5 പദ്ധതികൾ, അഞ്ചും പൂർത്തീകരിച്ചു

6. **ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം)**

   ആകെ 35 പ്രോജക്ടുകൾ. പൂർത്തീകരിച്ചത് 8 എണ്ണം. 27 എണ്ണം നടപ്പിലാക്കി വരുന്നത്.

   വിഇഒ - ബീന - ആകെ പ്രൊജക്ട് 14 എണ്ണം. നടപ്പിലാക്കിവരുന്നത് 14.

   വി.ഇ.ഒ - ലജന - ആകെ പ്രൊജക്ട് 21 എണ്ണം. പൂർത്തീകരിച്ചത് 8, നടപ്പിലാക്കി വരുന്നത് 13.

7. **സാമൂഹ്യക്ഷേമം,**

   ആകെ 14 പ്രോജക്ടുകൾ, 1 എണ്ണം പൂർത്തീകരിച്ചു. 13 എണ്ണം നടപ്പിലാക്കി വരുന്നു.

8. **പട്ടികജാതി/പട്ടികവർഗം**

   ആകെ 17 പ്രോജക്ടുകൾ 17 എണ്ണം നടപ്പിലാക്കി വരുന്നു.

9. **സദ്ഭരണം**

   ആകെ 38 പ്രോജക്ടുകൾ, പൂർത്തീകരിച്ച പദ്ധതികൾ 9 എണ്ണം, 29 എണ്ണം നടപ്പിലാക്കി വരുന്നു.

10. **പൊതുമരാമത്ത്**

    പുതിയ പ്രോജക്ടുകൾ 58. സ്പിൽഓവർ 37. ആകെ 95. പൂർത്തീകരിച്ചത്. സ്പിൽഓവർ 26, പുതിയത് 2. ആകെ 28 എണ്ണം പൂർത്തീകരിച്ചു. നടപ്പിലാക്കിവരുന്നത് 67.

11. **മത്സ്യ മേഖല**

    ഒരു പദ്ധതിയാണ് ഉള്ളത്, ഇത് നടപ്പിലാക്കി വരുന്നു.

    **വനിതാ ഘടകപദ്ധതി –** ആകെ 10 എണ്ണം, 2 എണ്ണം പൂർത്തീകരിച്ചു. 8 എണ്ണം നടപ്പിലാക്കിവരുന്നു.

പദ്ധതികളിൽ പലതിനും ഭേദഗതികൾ അനിവാര്യമായി വന്നതുകാരണവും, വ്യക്തിഗത ഗുണഭോക്താക്കൾ സമയബന്ധിതമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ സമർപ്പിച്ച് എഗ്രിമെന്റ് വെക്കാൻ വൈകുന്നതും പദ്ധതി നടത്തിപ്പിന് കാലതാമസം നേരിടുന്നതിന് കാരണമായിട്ടുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ പദ്ധതി പൂർത്തീകരണത്തിന് പഞ്ചായത്ത് മെമ്പർമാരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ആത്മാർത്ഥമായ ശ്രമവും, സഹകരണവും അനി വാര്യമാണ്.

### ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ കണക്ക്

പൊതുവിഭാഗം : 53.51%, പട്ടികജാതി വിഭാഗം : 46.89%, പട്ടികവർഗ്ഗ വിഭാഗം : 27.78%

### മെയിന്റനൻസ് ഫണ്ട്

**റോഡ് – 40.46%, റോഡിതരം – 55.37%, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – 41.58%.**

<u>അദ്ധ്യായം - 3</u>

# പ്രശ്ന വിശകലനവും - പ്രശ്നപരിഹാര സാധ്യതകളും
# പൊതുഭരണം- ധനകാര്യം

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്- വിഭവസമാഹരണം ഒരു വെല്ലുവിളിയായി ഏറ്റെടുക്കേണ്ടതുണ്ട്. വസ്തു നികുതിയും തൊഴിൽ നികുതിയും - ലൈസൻസ് ഫീസും മാത്രമാണ് മുഖ്യ വരുമാന മാർഗം

വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കി നികുതി 100% പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിടുണ്ട്. നികുതി നിർണ്ണയത്തിന് ശേഷം- മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് അതനുസരിച്ച് നികുതി നിർണയിച്ച് ക്രമവൽക്കരണം നടത്തി നികുതി പുതുക്കി നിർണയിച്ച് - കൂടുതൽ തുക നികുതി ഇനത്തിൽ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് ലഭ്യമാക്കി ലൈസൻസ് ഫീസ് എല്ലാവരിൽ നിന്നും ശേഖരിക്കുന്നതിന് - ഫീൽഡ് പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താറുണ്ട്.

ISO ഗുണ മേന്മ നിലനിർത്തി, പഞ്ചായത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങളുടെ ഗുണപരത വർദ്ധിപ്പിക്കുകയും സേവനങ്ങൾക്ക് കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കടലാസ് രഹിത ഓഫീസായി ഗ്രാമപഞ്ചായത്തിനെ മാറ്റി എടുത്ത് , ജനങ്ങളുടെ വിരൽതുമ്പിൽ സേവനങ്ങൾ എത്തിക്കുകയാണ് അടുത്തലക്ഷ്യം

വാടക നൽകി പ്രവർത്തിക്കുന്ന കൃഷിഭവൻ, സി.ഡി.എസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

മികച്ച തെരുവുവിളക്ക് ശൃംഖല, കായിക മേഖലയുടെ സ്വപ്നമായ ആധുനിക സ്റ്റേഡിയം, പൊതു ശൗചാലയം, ഓട്ടോ ടാക്സി സ്റ്റാന്റ്, പൊക്കുന്ന്മലയുടെ ടൂറിസ്റ്റ് സാധ്യതകൾ ഇവയെല്ലാം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുകയാണ്.

**കാർഷികമേഖല :** പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം പേരും കാർഷിക മൃഗസംരക്ഷണ മേഖലയിൽ നിന്ന് വരുമാനം കണ്ടെ ത്തുന്നവരാണ്. പരമ്പരാഗതമായി വിശാ

ലമായ പാടശേഖരങ്ങളിൽ നെൽ കൃഷി ചെയ്തുവന്നിരുന്ന കർഷകരുടെ പിൻമുറക്കാർ വയലുകളെല്ലാം തരം മാറ്റി നാണ്യവിളകളിലേക്ക് മാറിയിരിക്കുകയാണ്. നെൽവയലുകളുടെ വിസ്തൃതിയും ഗണ്യമായി കുറഞ്ഞു വാഴ, ചേമ്പ്, കൂർക്കിൽ, കവുങ്ങ് മുതലായ കൃഷികളാണ് വയലുകളിൽ ഇപ്പോൾ ഭൂരിഭാഗവും ചെയ്തുവരുന്നത്. എങ്കിലും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പാടശേഖരസമിതികളുടെ നേതൃത്വത്തിൽ ഇപ്പോഴും നെൽകൃഷി ചെയ്തുവരുന്നുണ്ട് എന്നത് എടുത്ത് പറയേണ്ടകാര്യമാണ്. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികൾ എല്ലാ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തി നെൽ കൃഷി കർഷകർക്ക് ആനുകൂല്യങ്ങൾനൽകി വരുന്നുണ്ട്. തെങ്ങ് കൃഷിയാണ് കർഷകരുടെ മറ്റൊരു മുഖ്യ വരുമാനമാർഗം. തെങ്ങ് കൃഷിയിൽ ശാസ്ത്രീയ കൃഷിരീതികളും, ജൈവവളപ്രയോഗവും - പ്രോൽസാഹിപ്പിക്കുന്ന പദ്ധതികളും, കാർഷിക ഉപകരണങ്ങളുടെ ശാസ്ത്രിയമായ ഉപയോഗവും - തെങ്ങ് കർഷകർക്ക് നൽകി വരുന്നുണ്ട്. തേങ്ങയുടെയും, നെല്ലിന്റെയും ഉൽപ്പാദന ക്ഷമത, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിടുണ്ട്. ഇടവിളകൃഷിയിൽ കിഴങ്ങ്കൃഷികൾ വർദ്ധിപ്പിക്കാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കവുങ്ങ്, റബ്ബർ ഇവയെല്ലാം കൃഷിചെയ്തുവരുന്നുണ്ട്. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി വിജയകരമായി നടപ്പാക്കി വരികയാണ്. പഞ്ചായത്തിലെ തരിശുഭൂമികളെല്ലാം കൃഷിയുക്ത മാക്കുന്നതിന്റെ ഭാഗമായി, തരിശുരഹിത പഞ്ചായത്ത് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂൺകൃഷിയുടെ സാധ്യത പരമാവതി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയും ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കൂൺകൃഷിയുടെ ഹബ്ബായി പഞ്ചായത്തിനെ മാറ്റുകഎന്നതാണ് ലക്ഷ്യം.

മൃഗസംരക്ഷണമേഖലയാണ് മറ്റൊരുമുഖ്യ വരുമാനമേഖല നാടൻ പശുക്കൾ വ്യാപകമായി ഉണ്ടായിരുന്നിടത്ത്, ഇന്ന് കൂടുതൽ പാൽ ലഭിക്കുന്ന സങ്കരഇനത്തിൽപ്പെട്ട ഉൽപ്പാദനക്ഷമതകൂടിയ പശുക്കളെയാണ് കർഷകർ വളർത്തുന്നത് പശു, ആട്, കിടാരികൾ, പോത്തിൻകുട്ടന്മാർ, കോഴി, കാട മുതലായ മൃഗങ്ങളെയും പക്ഷികളെയുമാണ് കർഷകർ വളർത്തുന്നത്. പാലിന്റെ വിലക്കുറവും വൈക്കോലിന്റെയും, തീറ്റയുടെയും വില വർദ്ധനവും - ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. നാല് പാൽ സൊസൈറ്റികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്, ഭൂരിഭാഗം ക്ഷീരകർഷകരും സൊസൈറ്റികളെ ആശ്രയിച്ചാണ് പാൽ നൽകുന്നത്. കർഷകർ ശാസ്ത്രിയ മൃഗപരിപാലന രീതികൾ അവലംബിച്ചാണ് പശുക്കളെ വളർത്തുന്നത്. പാലിൽ നിന്ന് ഉപ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് പാൽസൊസൈറ്റികളുടെ നേതൃത്വത്തിൽ നടപ്പാക്കിയാൽ ക്ഷീരകർഷരുടെ വരുമാന ചോർച്ച തടയാൻ ഒരുപരിധിവരെ കഴിയും

## മൽസ്യബന്ധനം

ഈ മേഖലയിൽ എടുത്ത്പറയാവുന്ന പദ്ധതികൾ ഒന്നും തന്നെ ഇല്ല. വളരെ വിരളമായി ചില കർഷകർ മാത്രമാണ് ഈ  മേഖലയിൽ മൽസ്യകൃഷിചെയ്യുന്നത് - ആവശ്യമായ തുകയും പദ്ധതിയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടങ്കിലും, ഗുണഭോക്താക്കൾ ഇല്ലാത്ത അവസ്ഥയാണ് സ്വയം തൊഴിൽ  മേഖലയിൽ വളരെ ഏറെ സാധ്യതയുള്ള ഈ മേഖല യുവ കർഷകർ പ്രയോജനപ്പെടുത്തേണ്ടതാണ്.

**തൊഴിൽ ഉറപ്പ് പദ്ധതി** :  പഞ്ചായത്തിൽ വിജയകരമായി നടന്നുവരുന്ന തൊഴിൽ ഉറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾ കൂടുതലും വനിതകളാണ് 2023 - ഏപ്രിൽ മുതൽ ഡിസംബർ വരെ - 239 പേർക്ക് 100 ദിവസം തൊഴിൽ ദിനങ്ങൾ ലഭ്യമായിടുണ്ട്. പഞ്ചായത്തിൽ 4183 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്, ഇതിൽ 654 - SC  കുടുംബങ്ങളും, 89 - ST കുടുംബങ്ങളുമാണ്. 3440 ജനറൽ വിഭാഗവുമുണ്ട്, സജീവ തൊഴിൽ കാർഡുകളുടെ എണ്ണം 1380 -ആണ്. 7868 തൊഴിലാളികളിൽ - 1264 പേർ മാത്രമാണ് സജീവ തൊഴിലാളികളാണ്. 2023 ഏപ്രിൽ മുതൽ ഡിസംബർ വരെ 69827 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിടുണ്ട്  കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമായിടുള്ളത് വനിതകൾക്കാണ് 61448 (88.2%) തൊഴിലാളിക്ക് ലഭിച്ച ശരാശരി വേതനം 346 രൂപയാണ്. 1309 തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചു. മേൽ പറഞ്ഞ കാലയളവിൽ 310.63 ലക്ഷം രൂപ ചെലവഴിച്ചിടുണ്ട്. 233.47 ലക്ഷം രൂപ കൂലി ഇനത്തിൽനൽകിയതാണ്, 15493 തൊഴിൽദിനങ്ങൾ S C  വിഭാഗത്തിന് ലഭ്യമായിടുണ്ട്  ST വിഭാഗത്തിന് 3161 തൊഴിൽദിനങ്ങൾ ലഭിച്ചു. 1264 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിടുണ്ട് ഒരു കുടുംബത്തിന് 58 ദിവസം തൊഴിൽ ലഭിച്ചു.

മൃഗസംരക്ഷണ മേഖലയിലും - കാർഷിക മേഖലയിലും തൊഴിൽ ഉറപ്പ് പദ്ധതിയുമായി സംയോജിത പ്രോജക്റ്റുകൾ നടക്കുന്നുണ്ട്. തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുക, തീറ്റപ്പുൽ കൃഷി, തൊഴുത്ത്, കോഴികൂട്, ആട്ടിന്കൂട് നിർമ്മാണം എന്നിവയും തൊഴിലുറപ്പ് പദ്ധതിയിൽ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിൽ തൊഴിൽ ഉറപ്പ് പദ്ധതിയിൽ റോഡ്, പാലം, ഫുട്ട്പാത്ത് നിർമ്മാണം എന്നിവയും നടന്നുവരുന്നുണ്ട്.

**പ്രാദേശിക സാമ്പത്തികവികസനം:** സാമ്പത്തികവികസനത്തിന് ഗതിവേഗം നൽകുക എന്നതാണ് 14 ാം പഞ്ചവൽസര പദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനം, പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മറ്റ് ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടി എടുക്കുന്നതിന് ഉതകുന്ന പരിപാടികൾ വ്യവസായ വകുപ്പിന്റെ സഹക

രണത്തോടെ നടപ്പാക്കി വരികയാണ്, തൊഴിൽ അന്വേഷകരെ കണ്ടെത്തൽ, തൊഴിൽ സഭ ചേരൽ സംരംഭങ്ങൾ, സ്റ്റാർട്ട്അപ്പുകൾ മുതലായവ സംബന്ധിച്ച ബോധവൽക്കരണ, പരിശീലപരിപാടികൾ, മാർഗ്ഗനിർദ്ദേശങ്ങൾ, ലളിതമായ ലൈസൻസ് നടപടികൾ, സാമ്പത്തികകസഹായങ്ങൾ, ഉൽപ്പന്നങ്ങളുടെ വിപണിസാധ്യതകൾ ഇവയെല്ലാം സംരംഭകർക്ക് ലഭ്യമാക്കുന്ന നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. ഒരുവർഷം 1 ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ 85 യൂണിറ്റുകൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച ഉദ്യം റജിസ്ട്രേഷൻ, ഫുഡ് സേഫ്റ്റി റജിസ്ട്രേഷൻ എന്നിവയെല്ലാം പഞ്ചായത്ത് വഴി സുഗമമായി നൽകിവരുന്നുണ്ട്. കൂടാതെ ഉൽപാദന മേഖലയിൽ കൂൺ വിത്ത് ഉൽപാദനം, കൂൺകൃഷി വഴി കൂൺ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ എടുത്ത് പറയാവുന്ന സംരംഭങ്ങളാണ്. പഞ്ചായത്തിലെ എല്ലാ വാർഡിലും ഒരോ മികച്ച സംരംഭം നമ്മുടെ ലക്ഷ്യമാണ് .അതോടപ്പം പഞ്ചായത്തിന്റെ പേരിൽ ഒരു ബ്രാന്റെഡ് ഉൽപ്പന്നം വിപണിയിൽ എത്തിക്കുകഎന്നതും ലക്ഷ്യമായികാണുന്നുണ്ട്

## ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

അതിദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്താനും, അവർക്കുള്ള സാമൂഹ്യ സുരക്ഷ പദ്ധതികൾ നടപ്പിലാക്കാനും അതുവഴി അവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന വലിയ ദൗത്യമാണ് നാം ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്ക്, വീട്, റേഷൻകാർഡ്, ആധാർകാർഡ്, ഭക്ഷണം, മരുന്ന് ഇവയെല്ലാം വിവിധ പദ്ധതികൾ വഴി നൽകി വരുന്നുണ്ട്. ഒരോകുടുംബവും സാമ്പത്തിക സുരക്ഷിതത്വം കൈവരിച്ചാൽ ദാരിദ്ര്യം ഇല്ലാതാക്കാനും അതുവഴി സന്തുഷ്ടമായ കുടുംബസംവിധാനം നിലനിർത്താനും കഴിയും - സാമ്പത്തിക അസമത്വം ഇല്ലാതാക്കി - എല്ലാവർക്കും ജീവിക്കാനുള്ള വരുമാനം ആർജിക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ മേഖലയിലെ പ്രഥമവും പ്രധാവുമായലക്ഷ്യം.

ഭവന നിർമ്മാണമേഖലയിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ഏകദേശം 8000 ഓളം വീടുകൾ ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട്, ഇതിൽ ഓലവീടുകൾ ഇല്ല എന്നു തന്നെപറയാം, പഴയ തറവാട് വീടുകളാണ് ഓട് മേഞ്ഞ വീടുകളായി അവശേഷിക്കുന്നത്. ബാക്കിഎല്ലാം കോൺഗ്രീറ്റ് വീടുകളാണ്, ജനകീയ ആസൂത്രണ പദ്ധതിവഴിയാണ്. വീട് ഇല്ലാത്തവർക്ക് വീടും - ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും നൽകാൻ - ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കിയത്. E M S ഭവനനിർമ്മാണ പദ്ധതി, ലൈഫ് പദ്ധതി മുതലായവ വഴിയാണ് കൂടുതൽ വീടുകൾ നൽകാൻ കഴിഞ്ഞത്. P M A Y പദ്ധതിവഴിയും വീടുനിർമ്മാണത്തിന് ധനസഹായം ലഭ്യമാവുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇതുവരെ വിവിധ

പദ്ധതികൾ വഴി ഏകദേശം 1000 ഓളം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻകഴിഞ്ഞിടുണ്ട്. 24-25 വർഷത്തിൽ ലൈഫ് പദ്ധതിയിലൂടെ ലഭിച്ച അപേക്ഷകർക്ക് ധനസഹായം നൽകിവരികയാണ് .

## സാമൂഹ്യ നീതി (ഭിന്നശേഷിക്കാർ- വയോജനങ്ങൾ മുതലായവർ)

സമൂഹത്തിലെ സാമൂഹ്യസുരക്ഷ ആവശ്യമുള്ള വിഭാഗങ്ങളുടെ ക്ഷേമവികസന പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുകയാണ് ഈ മേഖലയിലെ സുപ്രധാന ലക്ഷ്യം. ജനസംഖ്യയിൽ കൂടിവരുന്ന വയോജനങ്ങളുടെ ക്ഷേമ സാന്ത്വന പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് സമഗ്രമായ പദ്ധതികൾക്ക് രൂപംനൽകി നടപ്പാക്കി വരികയാണ്. എല്ലാ വാർഡുകളിലും വയോജനങ്ങളുടെ കമ്മിറ്റിയും (സീനിയർ സിറ്റിസൺ ഫോറം - 'സിസിഫോ') പഞ്ചായത്ത്തലത്തിൽ,-പഞ്ചായത്ത് കമ്മിറ്റികളും രൂപീകരിച്ച് - വയോജനങ്ങൾക്ക് ആവശ്യമായ - പരിപാടികളും - പദ്ധതികളും സമയബന്ധിതമായി തയ്യാറാക്കി വയോജനങ്ങൾ തന്നെ നേരിട്ട് നടപ്പാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാറിന്റെ സാമ്പത്തിക സഹായവും പിൻതുണാസംവിധാനവും ഈ പദ്ധതികൾക്ക് ലഭ്യമാവുന്നുണ്ട്. ആരോഗ്യമേഖലയിൽ ജീവതാളം പദ്ധതി, പകൽ ചെലവഴിക്കുന്നതിന് പകൽ വീട് എന്നിവയും വയോജനങ്ങൾക്ക്വേണ്ടി നടപ്പാക്കുന്ന പദ്ധതികളാണ്. അമ്മമാർ,വിധവകൾ, ട്രാൻസ്ജെന്റർ, ഭിന്നശേഷിക്കാർ, മാനസിക കായിക വെല്ലുവിളി നേരിടുന്നവർ - തുടങ്ങിയവർക്കുള്ള പദ്ധതികളും നടപ്പിലാക്കിവെരുന്നുണ്ട്

പഞ്ചായത്തിൽ 23 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട് 2 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതുണ്ട് അമ്മമാർക്കും കൗമാരപ്രായക്കാർക്കും, കുട്ടികൾക്കും വേണ്ടി വിവിധ പരിപാടികൾ അങ്കണവാടികൾ വഴി നടപ്പിലാക്കുന്നുണ്ട്. ഭിന്നശേഷിക്കാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ എന്നിവയും നൽകിവരുന്നുണ്ട്.

## സാമൂഹ്യനീതി

ഈ മേഖലയിൽ ഉള്ളവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഗണിച്ച് പ്രശ്ന പരിഹാരങ്ങൾ നടന്നുവരികയാണ്

## സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണ വിവരങ്ങൾ

| | | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | വാർദ്ധ്യക്യകാല പെൻഷൻ | 1090 | 935 | 2025 |
| 2 | വിധവാ പെൻഷൻ | —— | 886 | 886 |
| 3 | വികലാംഗ പെൻഷൻ | 160 | 117 | 277 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 118 | 266 | 384 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതക്ക് നൽക്കുന്ന പെൻഷൻ | —— | 121 | 121 |

പഞ്ചായത്തിലെ അദിദാരിദ്രരെ കണ്ടത്തി അവർക്കുള്ള മൈക്രോ പദ്ധതികളും പരിപാടി കളും സമയബന്ധിതമായി നടപ്പിലാക്കി - ദാരിദ്ര മുക്ത പഞ്ചായത്തായി കാക്കൂരിനെ മാറ്റി എടുക്കുക എന്ന മഹത്തരമായ ലക്ഷ്യത്തിലേക്ക് നാം എത്തുകയാണ് ഈ വിഭാഗത്തിനു വേണ്ടുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. വിശപ്പ്രഹിത പഞ്ചാ യത്ത് പദ്ധതിയുടെകീഴിൽ ആരംഭിച്ച ജനകീയ ഹോട്ടൽ വിജയകരമായി പ്രവർത്തിച്ചു വരുന്നു.

## സ്ത്രീകളുടെയും- കുട്ടികളുടെയും - വികസനപരിപാടികൾ

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും, സ്ത്രീകളുടെ ലിംഗ പദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹ രിക്കലാണ് ഈ രംഗത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ, സത്രീകളുടെ സാമ്പത്തിക സുരക്ഷ സുരക്ഷിതമാക്കാൻ ഉതകുന്ന സംരംഭങ്ങൾ ഏറ്റെടുത്ത് നടത്താൻ സ്ത്രീകളെ പ്രാപ്തരാക്കുക ഈരംഗത്തെ പ്രധാനലക്ഷ്യമാണ്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സം രംഭവികസന വർഷത്തിൽ അതി പ്രാധാന്യത്തോടെ നടപ്പിലാക്കി വരികയാണ്. സ്ത്രീകളു ടെ 76 സംരംഭങ്ങൾ പഞ്ചായത്തിൽ നടന്നുവരുന്നുണ്ട്. കൂടുതൽ സ്ത്രീകളെ ഈരംഗത്ത് എത്തിക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ ആവശ്യമാണ്. കുടുംബശ്രീ പ്രസ്ഥാനം സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് ആവശ്യമായ നിർണായകമായ സ്വാധീനമാണ് ഉണ്ടാ ക്കിയത്.

തൊഴിൽ ഉറപ്പ് പദ്ധതിയിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതലും ഉള്ളത്. ഉന്ന ത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് യോജിച്ച Startup കൾ ആരംഭിക്കാൻ എല്ലാപിൻതു ണ സംവിധാനം നൽകിവരുന്നുണ്ട്. വനിതകളുടെ തൊഴിൽമേഖലയിൽ വിജ്ഞാനാധിഷ്ഠി ത പദ്ധതികൾ ആവശ്യമായിട്ടുണ്ട്. ഇവർക്ക്വേണ്ട നൈപുണ്യവികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. സ്ത്രീകളുടെ താൽപ്പര്യ കുറവ് ഈ മേഖല യിൽ നിലനിൽക്കുന്നുണ്ട്.

**ജാഗ്രതാസമിതി:** പഞ്ചായത്ത് ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് എല്ലാവിധ പിൻതുണാസംവിധാനവും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷാകേന്ദ്രങ്ങളായി, ജാഗ്രതാസമിതികളെ മാറ്റിഎടുക്കേണ്ടതുണ്ട്. വിദ്യാർത്ഥികളുടെയും സ്ത്രീകളുടെയും സാമൂഹ്യസുരക്ഷ - സമൂഹത്തിന്റെ ഉത്തരവാദി ത്വമാണ്. വിദ്യാർത്ഥികൾക്ക് സ്വയം പ്രതിരോധത്തിന് കായിക പരിപാടികൾ സ്കൂൾ തല ത്തിൽ സംഘടിപ്പിക്കേണ്ടതുണ്ട്. യോഗ - കരാട്ടെ കളരിപ്പയറ്റ് മുതലായവ പരിശീലിക്കാൻ സ്ത്രീകൾക്ക് വാർഷിക പദ്ധിതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്

**പട്ടികജാതി , പട്ടികവർഗ്ഗവികസനം:** സമൂഹത്തിൽ നിരന്തര ചൂഷണത്തിനും, അവഗണനക്കും, അനീതിക്കും - വിധേയമായിരുന്ന പൂർണ്ണമായും - സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി വർഗ്ഗവിഭാഗത്തിന്റെ പുത്തൻ തലമുറ ഇന്ന് എല്ലാസൗകര്യങ്ങളും സുരക്ഷിതമായ സാമൂഹ്യ - സുരക്ഷാപദ്ധതികളും അനുഭവിക്കുന്നവരായി മാറി എന്നത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ് ജനകീയ ആസൂത്രണ പദ്ധതിയാണ് ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ച്ചവെക്കാൻ സഹായിച്ചത്- വീട് ഇല്ലാത്തവർക്ക് വീടും, ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും ആരോഗ്യ - വിദ്യഭ്യാസ - മേഖലകളിൽ വിവിധങ്ങളായ പദ്ധതികളും കഴിഞ്ഞ 25 വർഷങ്ങളായി നടപ്പാക്കിവരികയാണ്.

കാക്കൂർ പഞ്ചായത്തിൽ സങ്കേതങ്ങൾ ഉൾപ്പെടെ 36 S C കോളനികളും. മൂന്ന് S T കോളനികളും ഉണ്ട്. കോളനികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതുകാരണം, മിക്കവാറും എല്ലാകോളനികളിലും മികച്ച സൗകര്യങ്ങളും, സുരക്ഷിതമായ ഭവനങ്ങളും നിലവിലുണ്ട്. എങ്കിലും ഇനിയും കൂടുതൽ കാര്യങ്ങൾ ഈ വിഭാഗത്തിനുവേണ്ടി ചെയ്തു നൽകേണ്ടതുണ്ട്. അവ ഒരോന്നും കണ്ടത്തി സമയബന്ധിതമായി ചെയ്തുതീർക്കലാവണം നമ്മുടെ പ്രഥമലക്ഷ്യം. അഭ്യസ്ഥവിദ്യരായ യുവതി - യുവാക്കൾക്കും വീട്ടമ്മമാർക്കും നൈപുണ്യ വികസന പദ്ധതികളും, വിജ്ഞാനാധിഷ്ഠിത Startup കളും തുടങ്ങാൻ കഴിയണം തൊഴിൽരഹിതരായ എല്ലാ - യുവതി - യുവാക്കൾക്കും തൊഴിൽ ലഭ്യമാവുന്ന പദ്ധതികളും കണ്ടെത്തി നടപ്പിലാക്കി ഈ വിഭാഗത്തിന്റെ സർവ്വതോമുഖമായ വികസനമാണ് ലക്ഷ്യം.

പട്ടികവർഗ്ഗവിഭാഗത്തിന്റെ മൂന്ന് കോളനികൾ പഞ്ചായത്തിൽഉണ്ട്, ഈ കോളനികൾക്ക് വേണ്ടുന്ന ഗതാഗതം, കുടിവെള്ളം, ഭവന നിർമാണം, കാർഷിക - മൃഗസംരക്ഷണ പദ്ധതികൾ ഇവയെല്ലാം സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്.

**പഞ്ചായത്തിലെ കോളനികളുടെയും സങ്കേതങ്ങളുടെയും വിവരങ്ങൾ**

| *നമ്പർ* | *കോളനിയുടെ പേര്* | *വാർഡ്* | *വീടുകളുടെ എണ്ണം* |
|---|---|---|---|
| 1. | ഇല്ലത്ത്മീത്തൽ കോളനി | 13 | 15 |
| 2. | നെല്ലിക്കുന്നുമ്മൽ | 13 | 16 |
| 3. | ഉരുളിയാംകുന്നുമ്മൽ | 12 | 14 |
| 4. | പേരാറ്റുമല | 15 | 20 |
| 5. | അടുക്കൻമല | 10 | 47 |
| 6. | പാറോൽ കോളനി | 8 | 14 |
| 7. | മഠത്തിൽ കോളനി | 4 | 16 |
| 8. | വേങ്ങാകലത്തിൽ | 11 | 25 |
| 9. | ആലയാട്ടുമ്മൽ | 11 | 17 |

| | | | |
|---|---|---|---|
| 10. | കായലാട് | 5 | 29 |
| 11. | ഉരുളാട്ട് | 14 | 15 |
| 12. | മേപ്പാടിച്ചാലിൽ | 2 | 50 |
| 13. | പാടിമല | 15 | 13 |
| 14. | ഉരിങ്ങല്ലുമ്മൽ | 11 | 15 |
| 15 | തോട്ടത്തിൽ | 8 | 15 |
| 16. | കാക്കൂർമല | 15 | 17 |
| 17. | ഇയ്യാംകോട്ടുമ്മൽ | 1 | സങ്കേതം |
| 18. | വെങ്കണക്കര | 2 | ,, |
| 19. | പറയരുകുന്ന് | 15 | ,, |
| 20. | തൽപ്പാടിമല | 6 | ,, |
| 21. | ചെമ്പക്കോട്ട്-മഠത്തിൽ | 8 | ,, |
| 22. | ഈറ്റംപാറ മലയിൽ | 12 | ,, |
| 23. | ചാലങ്കോട്ട്മല എസ് സി | 3 | ,, |
| 24. | ശങ്കരൻപറമ്പത്ത് | 13 | ,, |
| 25. | കൊട്ടാരക്കുന്നുമ്മൽ | 15 | ,, |
| 26. | പുതിയേടത്ത് | 4 | ,, |
| 27. | നെല്ലിക്കുണ്ടിക്കൽ | 4 | ,, |
| 28. | ചൂരൻകൊള്ളിൽ | 7 | ,, |
| 29 | കുളുക്കമല | 9 | ,, |
| 30. | ആപ്പുറത്ത് | 12 | ,, |
| 31. | കാക്കൂർ | 12 | ,, |
| 32. | മുണ്ടപ്പറം മന | 14 | ,, |
| 33. | നമ്പിയാറമ്പത്ത് | 15 | ,, |
| 35. | മൂത്തോന | 6 | ,, |
| 36. | ചാത്തോത്ത്കര-<br>കൊളക്കാട്ട് മുണ്ടപുറായിൽ | 2 | ,, |
| 37. | മുള്ളൻകുന്നുമ്മൽ | 1 | ,, |
| 38. | തെരുവിൻതലക്കൽ | 13 | ,, |

**ആരോഗ്യം:** വ്യക്തികൾ ആരോഗ്യമുള്ളവരായാൽ - കുടുംബവും - സമൂഹവും ആരോഗ്യമുള്ളതാകും. ആവഴിക്കുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യരംഗത്ത് നടപ്പാക്കിവരുന്നത്. കാക്കൂരിൽ നമ്മുടെ ആരോഗ്യ സംരക്ഷണത്തിന് രാവിലെ മുതൽ വൈകു : 5 മണിവരെ

പ്രവർത്തിക്കുന്ന കുടുംബ ആരോഗ്യ കേന്ദ്രവും. മൂന്ന് സബ്സെന്ററുകളും ഉണ്ട് ജീവിത ശൈലിരോഗങ്ങളാണ് ഇന്ന് മിക്ക ആളുകൾക്കും കണ്ടുവരുന്നത് ഇത് നിയന്ത്രിക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് ജീവതാളം പദ്ധതി പഞ്ചായത്തിലെ എല്ലാവാർഡുകളിലും ഈ പദ്ധതി നടപ്പാക്കി വരികയാണ് വ്യായാമാധിഷ്ഠിതമായ ഈ പദ്ധതിയിൽ വയോജനങ്ങൾക്കാണ് കൂടുതലും പ്രയോജനം ലഭിക്കുക. ഇതുവഴി ജീവിതശൈലീരോഗങ്ങളിൽ നിന്ന് മുക്തരാവാൻ കഴിയും, സ്ത്രീകൾക്കും, കുട്ടികൾക്കും ആവശ്യമായ ആരോഗ്യ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. പാലിയേറ്റിവ് രോഗികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ലഘൂകരിക്കുന്നതിനുതകുന്ന പദ്ധതികളും സമയബന്ധിതമായിനടക്കുന്നുണ്ട്, ഗ്രാമപഞ്ചായത്തിൽ ആയുർവേദആശുപത്രിയും ഹോമിയോആശുപത്രിയും പ്രവർത്തിച്ച് വരുന്നുണ്ട്, പകർച്ചവ്യാധികളുടെ നിയന്ത്രണം, കുടിവെള്ളത്തിന്റെ സുരക്ഷിതത്വം ഇവയെല്ലാം നടപ്പിലാക്കുന്നതിനും, ഉറപ്പ്വരുത്തുന്നതിനും മുന്തിയപരിഗണന നൽകുന്നുണ്ട്. കുടുംബ ആരോഗ്യകേന്ദ്രം കൂടുതൽസൗകര്യങ്ങളും, ജീവനാക്കാരും സംവിധാനങ്ങളും, ഒരുക്കി സജീവമാക്കി രോഗികൾക്ക് സൗകര്യപ്രദമായ ആശുപത്രിയാക്കിമാറ്റിയിടുണ്ട്.

**കുടിവെള്ളം - ശുചിത്വം:** പഞ്ചായത്തിലെ 15 വാർഡുകളിലായി 31 കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജനകീയ ആസൂത്രണപദ്ധതി വഴി കഴിഞ്ഞ 25 വർഷം കൊണ്ട് പൂർത്തികരിച്ച പദ്ധതികളാണ് ഇവയെല്ലാം. പഞ്ചായത്തിന്റെ എല്ലാഉയർന്ന പ്രദേശങ്ങളിലും. ഗുണഭോക്താക്കൾ നിയന്ത്രിക്കുന്ന പദ്ധതികൾ നിലവിലുണ്ട്. ഇത്കൂടാതെ ജൽജീവൻ മിഷന്റെ കുടിവെള്ള പദ്ധതി കൂടിവന്നതോടെ കുടിവെള്ളപ്രശ്നത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻകഴിയും എങ്കിലും ചില ഉയർന്നപ്രദേശങ്ങളിൽ ജലജീവൻ മിഷന്റെ കുടിവെള്ളം എത്തിയിട്ടില്ല, ബൂസ്റ്റർ സംവിധാനം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. മിക്കവാറും എല്ലാ വീടുകൾക്കും സ്വന്തമായി കിണറുള്ളതിനാൽ കിണറിലെവെള്ളം ശുദ്ധിയോടെ നിലനിർത്തുന്നതിനും വെള്ളത്തിന്റെ അളവ് നിലനിർത്തുന്നതിനും ആവശ്യമായ പദ്ധതികളായ ശുദ്ധിപരിശോധനയും കിണർ റീചാർജിജ് സംവിധാനവും നടപ്പിലാക്കണം . ജല സമൃദ്ധമായ ഗ്രാമം എന്നതാണ് നമ്മൾ ലക്ഷ്യം വെക്കുന്നത് കൂടാതെ ജലസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ഗവ: അംഗീകരിച്ച പ്രവർത്തന പരിപാടികൾ നടപ്പിലാക്കുകയും - ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും. ചെയ്യുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരികയാണ്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം വിപുലീകരിക്കുകയും, മാലിന്യം ശേഖരിച്ച് കൊണ്ടുപോകുന്നതിന് സ്വന്തമായി വാഹനം വാങ്ങിനൽകുകയും ചെയ്തിട്ടുണ്ട്. മാലിന്യം വലിച്ചെറിയ്യുന്നതും, പ്ലാസ്റ്റിക്ക് കത്തിക്കുന്നതുപോലുള്ള നിയമവിരുദ്ധപ്രവർത്തനം നടത്തുന്നവർക്ക് എതിരെ സമൂഹം ജാഗരൂകരാവണം.

**വിദ്യാഭ്യാസം:** ഗവൺമെന്റ് സ്ക്കുളുകൾഇല്ലാത്ത പഞ്ചായത്തിൽ 12 എയ്ഡഡ് സ്ക്കൂളുകളും 2 അൺഎയ്ഡഡ് സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. എയ്ഡഡ് മേഖലയിൽ S S K വഴിയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പാവണ്ടൂർ - കുട്ടമ്പൂർ എന്നിവിടങ്ങളിൽ ഹയർസെക്കന്ററി സ്ക്കൂളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വിദ്യാലയങ്ങളുടെ അക്കാദമിക്ക് നിലവാരം ഉയർത്തുന്ന നിരവധി പദ്ധതികൾ S S K വഴി നടപ്പിലാക്കുന്നുണ്ട്. കുട്ടികൾക്ക് വേണ്ടുന്ന ആരോഗ്യപദ്ധതികൾ, പൗരബോധം, പരിസ്ഥിതിബോധം, മാലിന്യസംസ്ക്കരണം, ജലസംരക്ഷണം, റോഡ്നിയമങ്ങൾ, മൊബൈൽഫോണുകളുടെ ദുരുപയോഗം, ലിംഗസമത്വം, സ്വയംപ്രതിരോധം, തുടങ്ങിയ വിഷയങ്ങളിൽ സമയബന്ധിതമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട് സാക്ഷരതാപ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്. 3 പ്രേരക്മാർ ഈരംഗത്ത്പ്രവർത്തിക്കുന്നുണ്ട് കായികമേഖലയുടെ വലിയ സ്വപ്നമായ ആധുനിക സ്റ്റേഡിയത്തിന് സ്ഥലം കണ്ടെത്തികഴിഞ്ഞു. സ്ഥലംവാങ്ങുന്നതിനുവേണ്ട പ്രവർത്തനങ്ങൾ സജീവമായി നടന്നുവരികയാണ്. കലാരംഗത്ത് കലാഗ്രാമം പോലുള്ള പ്രവർത്തനങ്ങൾ സജീവമാക്കണം. ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ദിനപത്രങ്ങൾ നൽകിവരുന്നുണ്ട്. പഞ്ചായത്തിലെ സാംസ്കാരികനിലയങ്ങൾ കലാ - സാംസ്കാരിക പ്രവർത്തനങ്ങളുടെ വേദിയാക്കിമാറ്റുകയും ആപ്രദേശത്തിന്റെ സാംസ്ക്കാരിക കേന്ദ്രമായിമാറുകയും വേണം

**പൊതുമരാമത്ത്:** ഗതാഗത രംഗത്താണ് ജനകീയ ആസൂത്രണം മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ചത്. . പഞ്ചായത്തിലെ ഒട്ടുമിക്ക മൺ റോഡുകളും ടാർ റോഡുകളോ കോൺഗ്രീറ്റ് റോഡുകളോ ആയി മാറിയിടുണ്ട്, ഇടവഴികൾ കോൺഗ്രീറ്റ് ഫുട്ട്പാത്തുകളായി മാറിയിടുണ്ട്, സ്വന്തംവീടിൽ നിന്നും 50 മീറ്റർ നടന്നാൽ ഏതെങ്കിലും ഒരു റോഡിൽ എത്തുന്നരീതിയിൽ റോഡിന്റെ ശൃംഗല വളർന്നു കഴിഞ്ഞു. ഫുട്ട്പാത്തുകളും പാലങ്ങളും വേണ്ട സ്ഥലങ്ങളിൽ അവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്നുണ്ട് റോഡുകളുടെ സംരക്ഷണമാണ ഇന്ന് കൂടുതലും നടന്നുവരുന്നത് M LA, M P ഫണ്ടും, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ഫണ്ടുകളും സർക്കാറിന്റെ വിവിധ ഫണ്ടുകളും ഈ മേഖലയിൽ ലഭ്യമായിട്ടുണ്ട്. റോഡുകളുടെ അളവുകളും, എണ്ണവും കൃത്യമായി അറിയുന്നതിന് റോഡ് കണകടിവിറ്റി മേപ്പ് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പുതിയ റോഡുകൾ ഈ മേഖലയിൽ ഉണ്ടായിവരുന്നു എന്നതും നാം കാണേണ്ടതാണ് അവയെല്ലാം സമയബന്ധിതമായി ഗതാഗത യോഗ്യമാക്കേണ്ടതുണ്ട്. വൈദ്യുതി - ഊർജ്ജ രംഗത്ത് വലിയ പ്രശ്നങ്ങൾ ഒന്നും അനുഭവപ്പെടുന്നില്ല. K S E B യുടെ സബ്ബ് സെക്ഷൻ ഓഫീസ് കാക്കുരിൽ പ്രവർത്തിക്കുന്നുണ്ട്. സൗരോർജത്തിന്റെ സാധ്യത ഇനിയും നാം വേണ്ടരൂപത്തിൽ പ്രയോജനപ്പെടുത്തിട്ടില്ല എന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്

## ജൈവ വൈവിധ മാനേജ്മെന്റ് - കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം - ദുരന്തനിവാരണം

വള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽപോലെയുള്ള ദുരന്തങ്ങൾ അനുഭവിക്കുന്ന പഞ്ചായത്തല്ല നമ്മുടെതെങ്കിലും, ഭാവിയിൽ ഉണ്ടായെക്കാവുന്ന ഇത്തരം ദുരന്തങ്ങളെ നേരിടുതിനുള്ള മുന്നൊരുക്കപ്രവർത്തനങ്ങൾ നാം നട ത്തേണ്ടിയിരിക്കുന്നു 2 പ്രളയങ്ങൾ വലിയപാഠമാണ് നമുക്ക്നൽകുന്നത്, ദുരന്തങ്ങളെ കാര്യക്ഷമമായി പ്രതിരോധിക്കുതിനും, അതിജീവന ക്ഷമ ത നേടുന്നതിലും ഹൃസ്വകാല ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യണം. ദുരന്താസാ ധ്യതാ പാഠനം ദുർബലപ്രദേശങ്ങളെ കണ്ടത്തൽ, മുന്നറിയിപ്പ്സംവിധാനം, രക്ഷാപ്രവർത്ത നം അഭയകേന്ദ്രങ്ങൾ, ദുരന്തനിവാരണ ഉപകരണങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ ഇവയെല്ലാം ഈ രംഗത്ത് നാം ചെയ്തുവെക്കെണ്ട പദ്ധതികളാണ്. കൂടാതെ സമൂഹവും ഈ കാര്യത്തിൽ ജാഗരൂകരാവണം.

### വിനോദസഞ്ചാരം

പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതകൾ ഉള്ളപ്രദേശങ്ങൾ കണ്ടെത്തുകയും. സാധ്യതാ പഠനം നടത്തി വികസാധ്യതകുള്ള കണ്ടെത്തി പ്രയോജനപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്ക്കരി ച്ച് നടപ്പിലാക്കണം. നമ്മുടെ നാടിന്റെ സവിശേഷതകൾ ( ഉദ: ദശാവതാരക്ഷേത്രങ്ങൾ) കണ്ടെത്തി പരിസ്ഥിതി സൗഹൃത വിനോദസഞ്ചാരത്തിന്റെഭാഗമായി പുനരാവിഷ്കരിക്കാ വുന്നതാണ്. പൊക്കുന്ന്മലയുടെ ടൂറിസ്റ്റ് സാധ്യതകൾ പരിശോധിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

## അധ്യായം - 4

# വികസന കാഴ്ചപ്പാട് - ലക്ഷ്യങ്ങൾ തന്ത്രം

**പൊതുഭരണം, ധനകാര്യം:** പഞ്ചായത്ത് ഓഫീസ് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ, സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കി, കടലാസ് രഹിത ഓഫീസായി പഞ്ചായത്ത് ഓഫീസ് മാറ്റിയെടുക്കുക് എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതിന്റെഭാഗമായി ILGMS സംവിധാനം നടപ്പിൽവിന്നിരിക്കുകയാണ്. പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ സേവനങ്ങൾലഭ്യമാക്കുക നമ്മുടെ ലക്ഷ്യമാണ്. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകന്നതിന്റെ ഭാഗമായി വിഭവസമാഹാരണത്തിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. എല്ലാ കച്ചവടക്കാരെയും ലൈസൻസിന്റെ പരുധിയിൽകൊണ്ടുവരിക, സമഗ്രമായ പരിശോധനയിലൂടെ നികുതിഇല്ലാത്തതും, നികുതി പുനർനിർണയിക്കേണ്ടതുമായ കെട്ടിടങ്ങൾകണ്ടെത്തി നികുതിയും പിഴയും ചുമത്തി പണം ഈടാക്കുക എന്നിവ ഇവയിൽ പ്രാധാനപ്പെട്ട പ്രവർത്തനങ്ങളാണ്. തൊഴിൽനികുതി, കെട്ടിടനികുതി എന്നിവ 100 ശതമാനം പിരിച്ചെടുക്കുന്നുണ്ട്

കാർഷിക മേഖലയാണ് ഭൂരിഭാഗം ജനങ്ങളുടെയും ജീവനോപാധി കാക്കൂരിനെ തരിശ്രഹിത പഞ്ചായത്തായി മാറ്റി മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കുക, എല്ലാവരെയും കൃഷിയിൽഎത്തിക്കുക, നുതന കാർഷിക രീതികൾനടപ്പാക്കി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാന്യമായവില ലഭിക്കുന്നതിന് വിപണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽക്കുക, അവ കൃഷിചെയ്യുന്ന ആവശ്യത്തിന് ലഭ്യമാക്കുക പാടശേഖര സമിതികൾ സജീവമാക്കി നെൽകൃഷിയുടെയും, കേര സംരക്ഷണ സമിതി സജീവമാക്കി തെങ്ങ്കൃഷിയുടെയും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക. ഇവയെല്ലാം ഈ മേഖലയിലെ വികസന ലക്ഷ്യങ്ങളാണ്.

മൃഗസംരക്ഷണമേഖലയിലെ പ്രധാനപ്രശ്നം കാലിതീറ്റയുടെ വിലവർദ്ധനവും. പാലിന്റെ വിലകുറവുമാണ്. മിൽമ ഈ മേഖലയിൽ ക്ഷീരകർഷകർക്ക് ആശ്വാസപ്രദമായ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. നമ്മുടെ വാർഷികപദ്ധതിയിൽ, ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് പാലിൽനിന്ന് ഉപ ഉൽപ്പന്നങ്ങളും, ചാണകം വളമാക്കി മാറ്റുന്നതിനുള്ള പദ്ധതികളും. നടപ്പാക്കുന്നതിന് മുൻഗണ നൽകുന്നുണ്ട്

പ്രാദേശിക സാമ്പത്തികവികസനരംഗത്ത്, തൊഴിലവസരങ്ങളുടെ സൃഷ്ടിയാണ് നമുടെവികസനകാഴ്ചപ്പാട്, പ്രാദേശിക സാമ്പത്തികവികസനം മറ്റൊരുലക്ഷ്യമാണ്. തൊഴിൽ രഹിതരെയും, അഭ്യസ്ഥവിദ്യരെയും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയും, അതി

നുവേണ്ട മാർഗ്ഗനിർദേശങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുക എന്നത് 14 ാം പദ്ധതിയുടെ പ്രധാനലക്ഷ്യമാണ്

